പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1928 04.05. 2017 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബിയിലെ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബിയിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;<br>(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണമെന്താണ്;<br>(സി) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളാണ് കണ്ടെത്തിയത് ;<br>&<br>(ഡി)കെ.എസ്.ഇ.ബിയിൽ നിലവിൽ നിയമനനിരോധനമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (എ), (ബി) , (സി) & (ഡി) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട് , മീറ്റർ റീഡിംഗ് PDA നടപ്പാക്കിയത്, കമ്പ്യൂട്ടർ വൽക്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ, ജീവനക്കാരുടെ ജോലിഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച മാത്രമേ കെ.എസ്.ഇ.ബി ലിമിറ്റഡിലെ ക്യാഷ്യർ ഉൾപ്പെടെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളു. പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം കെ.എസ്.ഇ.ബി.യിലെ വിവിധ തസ്തികകളിലെ ഒഴിവ് വിവരങ്ങൾ ആവശ്യപ്പെടുകയും, പ്രസ്തുത വിവരങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പരിശോധന റിപ്പോർട്ടൊന്നും ബോർഡിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ